GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News – Dr. Amritha V.S

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/09/2026

1. തിരുവല്ലം കെ- അഗ്ടെക് ലോഞ്ച് പാഡ് വെള്ളായണി കാർഷിക കോളജ് ഒക്ടോബർ 23ന് സംഘടിപ്പിക്കുന്ന ഏകദിന മൈക്രോഗ്രീൻ ഉത്പാദന പരിശീലന പരിപാടിയിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. കെ- അഗ്ടെക് ലോഞ്ച് പാഡിൽ വെച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ നടക്കുന്ന പരിശീലനത്തിൽ മൈക്രോഗ്രീൻസ് തയാറാക്കൽ, വിളവെടുപ്പ്, വിവിധ ഭക്ഷ്യവിഭവങ്ങളുടെ തയാറാക്കൽ, സംരംഭകത്വ സാധ്യതകൾ എന്നിവയിൽ പ്രായോഗിക പരിശീലനം നൽകും. പങ്കെടുക്കാൻ താല്പര്യം ഉള്ളവർ രജിസ്ട്രേഷൻ ഫീസ് ആയ 500 രൂപയടച്ച് ഒക്ടോബർ 21 ന

മുൻപായി രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 9995624888 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"തേനീച്ച വളർത്തൽ"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് 2026 സെപ്റ്റംബർ 23 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സില് രജിസ്റ്റർ ചെയ്യാം. ഒക്ടോബർ 2 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **സെപ്റ്റംബർ** 23 മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 0487-2438566 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി, പടന്നക്കാട്, അമ്പലവയല് എന്നീ കാർഷിക കോളേജുകളിൽ ഈ അധ്യയന വർഷം (2026-27) മുതൽ റിവോൾവിംഗ് ഫണ്ട് രീതിയിൽ അധിക ബാച്ചായി ആരംഭിക്കുന്ന ബി.എസ്.സി.(ഓണേഴ്സ്) ഹോർട്ടിക്കൾച്ചർ കോഴ്സിലേക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തിയ്യതി ഈ മാസം സെപ്റ്റംബർ 30 വരെ നീട്ടിയിരിക്കുന്നു. യോഗ്യത, പ്രവേശന രീതി, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 0487- 243-8139 എന്ന ഫോൺ നമ്പരിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

4. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **'പശുവളർത്തൽ'** എന്ന വിഷയത്തിൽ **സെപ്റ്റംബർ 24, 25 തിയ്യാതികളിൽ** മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0491-2815454 എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് വിളിച്ച് പേര് മുൻകൂട്ടി രജിസ്റ്റർ

ചെയ്യേണ്ടതാണ്. പരിശീലനത്തിന് എത്തുന്നവർ ആധാർക്കാർഡിന്റെ പകർപ്പ് കൊണ്ടുവരേണ്ടതാണ്.

5. തെങ്ങിലെ കുമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ (Trichoderma coirpith cake) കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട് . **വില : 5 രൂപ / ഒരു ട്രൈക്കോ കേക്ക്.** ആവശ്യമുള്ള സ്റ്റേഷനുകൾ 8547675124 നമ്പറിൽ ബന്ധപ്പെടുക . പാർസൽ ആയും എത്തിച്ചു തരുന്നതാണ്.